LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ഷംസുദ്ദീൻ, അങ്ങ് അവതരിപ്പിച്ച 5, 6, 7, 8, 9 എന്നീ നമ്പർ ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഏറ്റവും ചുരുങ്ങിയത് 5-ാം നമ്പർ ഭേദഗതിയെങ്കിലും സ്വീകരിക്കേണ്ടതാണ്. 5-ാം നമ്പർ ഭേദഗതി ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 5-ാം നമ്പർ ഭേദഗതിയെ...

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 5, 6, 7, 8, 9 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), അങ്ങ് അവതരിപ്പിച്ച 10-ാം നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 10-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി അവതരിപ്പിച്ച പ്രമേയം പാസ്സാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു.

VIII ക്രമപ്രശ്നം

(1) നിയമസഭാ ചോദ്യങ്ങൾക്കുള്ള ഉത്തരം യഥാസമയം ലഭ്യമാക്കൽ

ശ്രീ. അനൂപ് ജേക്കബ്: സർ, നിയമസഭയിൽ അംഗങ്ങളുടെ ചോദ്യങ്ങൾക്കുള്ള മറുപടി ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ ലഭിക്കണമെന്നുള്ളതുകൊണ്ടാണ് ഈ ക്രമപ്രശ്നം ഉന്നയിക്കുന്നത്. ഓരോ അംഗങ്ങളും ചോദിക്കുന്ന ചോദ്യങ്ങൾ ആ സന്ദർഭത്തിൽ പ്രസക്തമായ വിഷയങ്ങളായതിനാൽ അതിന്റെ മറുപടി ലഭിക്കേണ്ടത് അപ്പോഴാണ്; അല്ലാതെ മാസങ്ങൾക്കോ വർഷങ്ങൾക്കോ ശേഷമല്ല.

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭയിൽ അംഗങ്ങൾ ചോദിക്കുന്ന ചോദ്യങ്ങൾവഴി ഗവൺമെന്റിന്റെ ന്യൂനതകൾ ചൂണ്ടിക്കാട്ടാനും കുറവുകളുണ്ടെങ്കിൽ തിരുത്താനും ഉറപ്പുകൾ വാങ്ങാനും സാധിക്കും. ഒരു എക്സിക്യൂട്ടീവിന്മേലുള്ള നിയമസഭയുടെ നിയന്ത്രണത്തിന്റെ പ്രധാന ഉപാധികളിലൊന്ന് നിയമസഭയിൽ ചോദിക്കുന്ന ചോദ്യങ്ങളും അതിന് ലഭിക്കുന്ന ഉത്തരങ്ങളുമാണ്. നിയമസഭയോടുള്ള എക്സിക്യൂട്ടീവിന്റെ ഉത്തരവാദിത്വം അറിയിക്കുന്നതാണ് യഥാസമയത്ത് മറുപടി നൽകുകയെന്നുള്ളത്. ഏറ്റവും പ്രധാനമായി ഇവിടെ ചൂണ്ടിക്കാണിക്കാനുള്ളത്, 13-ാം കേരള നിയമസഭയുടെ 12-ാം സമ്മേളനത്തിൽ 2014 ഡിസംബർ മാസത്തിൽ നൽകിയ ചോദ്യത്തിനുള്ള മറുപടി ഏഴുവർഷങ്ങൾക്കുശേഷം ഈ കഴിഞ്ഞ 22-ാം തീയതിയാണ് സഭയിൽ ലഭിക്കുന്നത്. അതോടൊപ്പം, പതിനാലാം നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ 2016 ഒക്ടോബർ മാസം നൽകിയ ചോദ്യം നമ്പർ 5336-നും കഴിഞ്ഞ നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ ചോദ്യത്തിനും ഇപ്പോഴാണ് മറുപടി ലഭിച്ചിരിക്കുന്നത്. പതിമൂന്നാം കേരള നിയമസഭയുടെ 12-ാം സമ്മേളനത്തിലെ ചോദ്യങ്ങൾക്കുള്ള മറുപടിയും 14-ാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനം മുതൽ ഏറ്റവുമൊടുവിൽ 22-ാം സമ്മേളനം വരെയുള്ള വിവിധ ചോദ്യങ്ങളുടെ മറുപടിയും ഈ നിയമസഭയുടെ കഴിഞ്ഞ ഒന്നാം സമ്മേളനത്തിന്റെ ഏകദേശം ഏഴെട്ട് ചോദ്യങ്ങളുടെ മറുപടിയുമാണ് ഇപ്പോൾ നൽകിയിരിക്കുന്നത്. ഏറ്റവും പ്രധാനപ്പെട്ട കാര്യം, ഇതുമായി ബന്ധപ്പെട്ട് വിവരാവകാശ നിയമപ്രകാരം ചോദ്യങ്ങൾ ചോദിച്ചാൽ അതിന് സമയബന്ധിതമായി മറുപടി ലഭിക്കാറുണ്ട്. ഇല്ലെങ്കിൽ ഉദ്യോഗസ്ഥർക്കെതിരെ നിയമ നടപടിയുണ്ടാകും. ഇവിടെ അതുണ്ടാകുന്നില്ല എന്നുള്ളതാണ്. ചോദ്യങ്ങൾ ചോദിക്കുമ്പോൾ അതിനെ ഗൗരവത്തിലെടുത്ത് മുന്നോട്ടുപോകാൻ കഴിയണം. 1997-നുശേഷം മറുപടികൾ കൃത്യമായി ലഭിക്കുന്നതിനുവേണ്ടി ഒരംഗത്തിന് ചോദിക്കാവുന്ന നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ എണ്ണം നിശ്ചയിച്ചിട്ടുണ്ട്. 15 ദിവസം അധികം നൽകി. സാങ്കേതികവിദ്യ ഒരുപാട് മുന്നേറുകയും ഇ-നിയമസഭയുടേയും വിവരാവകാശ നിയമത്തിന്റേയും കാലഘട്ടത്തിലും നിയമസഭയിൽ ലഭിക്കേണ്ട മറുപടികൾ അനന്തമായി നീണ്ടുപോകുകയാണ്. ഇതുസംബന്ധിച്ച് അങ്ങേയ്ക്ക് എതിരഭിപ്രായമുണ്ടാകുമെന്ന് കരുതുന്നില്ല. അതുകൊണ്ട് നിർബന്ധമായും ഇക്കാര്യത്തിൽ ഒരു വ്യക്തത വരുത്തേണ്ടത് അനിവാര്യമാണെന്നതാണ് ഈ വിഷയത്തിൽ സൂചിപ്പിക്കാനുള്ളത്. എന്തായാലും വീണ്ടും ചോദ്യങ്ങൾക്കുള്ള മറുപടി നീണ്ടുപോകുന്ന സാഹചര്യമുണ്ടെങ്കിൽ അതിനെ കൂടുതൽ ഗൗരവമായി കാണണം. അനവധി റൂളിംഗുകളുണ്ടായിട്ടും ഇതേ രീതിതന്നെ ആവർത്തിക്കുന്നുവെന്നുണ്ടെങ്കിൽ ആയത് മനഃപൂർവ്വം താമസിപ്പിക്കുന്നത് ഉദ്യോഗസ്ഥതലത്തിലാണോയെന്ന് കണ്ടെത്തി അവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ കഴിയുമോ;

അത്തരത്തിലുള്ള കാര്യങ്ങളിലേയ്ക്കും കൂടി കടക്കേണ്ടതായിട്ടുണ്ട് എന്നതാണ് എന്റെ അഭിപ്രായം. എന്തായാലും ഇതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട ചെയറിന്റെ ഭാഗത്തുനിന്നും വ്യക്തതയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. അനൂപ് ജേക്കബ് ചൂണ്ടിക്കാണിച്ചത് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 47(1), (2) എന്നിവ പ്രകാരം സമയബന്ധിതമായി ലഭിക്കേണ്ട നിയമസഭാ ചോദ്യങ്ങൾക്കുള്ള മറുപടി അപ്രകാരം ലഭിക്കാത്തതിനെ സംബന്ധിച്ചാണ്. ഈ സഭയിലെ നല്ലൊരു പാർലമെന്റേറിയനായിരുന്ന അദ്ദേഹത്തിന്റെ പിതാവ് ടി. എം. ജേക്കബ് ഇത്തരം കാര്യങ്ങൾ നേരത്തെ ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിന്റെയെല്ലാം ഫലമായാണ് ഇന്ന് ചോദ്യങ്ങളുടെ എണ്ണം നിയന്ത്രിച്ചുകൊണ്ട് ഗുണനിലവാരമുള്ളതാക്കി മാറ്റിയതും ഭൂരിപക്ഷം ചോദ്യങ്ങൾക്കും അതാത് സെഷനിൽത്തന്നെ മറുപടി നൽകണമെന്ന് തീരുമാനിച്ചതും. പക്ഷേ പലപ്പോഴും അതിന് സാധിക്കാതെ പോയിട്ടുണ്ട്. പലപ്പോഴും പ്രതിപക്ഷത്തിരുന്ന് ചോദിച്ച ചോദ്യങ്ങൾക്ക് മന്ത്രിയായതിനുശേഷം മറുപടി പറഞ്ഞ അവസരംപോലും ഉണ്ടായിട്ടുണ്ട്. ഉത്തരങ്ങൾ ലഭ്യമാക്കുന്നതിലുള്ള കാലതാമസം കുറച്ചുകൊണ്ടുവരാൻ നല്ല ഇടപെടൽ നടത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ വിവരാവകാശനിയമമനുസരിച്ച് മറുപടി ലഭിക്കുകയും നിയമസഭാംഗങ്ങൾ ചോദിക്കുന്ന ചോദ്യങ്ങൾക്ക് മറുപടി കൃത്യസമയത്ത് ലഭിക്കാതിരിക്കുകയും ചെയ്യുന്ന സ്ഥിതിയുണ്ടാകാൻ പാടില്ലെന്നതന്നെയാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. കൃത്യസമയത്ത് നിയമസഭാ സെക്രട്ടേറിയേറ്റിൽ മറുപടികൾ ലഭ്യമാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിച്ചുവരികയാണ്. എല്ലാ വകുപ്പുകളും ഇത് ശ്രദ്ധിക്കാൻ വേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. മറുപടികൾ കൃത്യമായി നൽകാൻ ഓരോ മന്ത്രിമാരും ബാദ്ധ്യസ്ഥരാണ്. മന്ത്രിമാരുടെ ശ്രദ്ധയിലും ഇക്കാര്യങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. ചട്ടം നിഷ്കർഷിക്കുന്ന കാര്യങ്ങളിൽ പ്രത്യേകമായ ഊന്നൽ നൽകാൻ കഴിയണം. ചട്ടം വെറുതെ എഴുതിവച്ചാൽ പോര, അതനുസരിച്ച് നടപ്പിലാക്കാൻ കഴിയേണ്ടതുണ്ട്. ചട്ടം 47(1), (2) എന്നിവയനുസരിച്ച് നിയമസഭാ ചോദ്യങ്ങൾക്ക് കൃത്യമായ മറുപടി അതാത് സെഷനിൽ പരമാവധി നൽകാൻ വേണ്ട ശ്രമം തുടർന്നും ഉണ്ടാകുമെന്നാണ് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാനുള്ളത്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് ശ്രദ്ധേയമായ കാര്യമാണെന്നുകൂടി ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly